# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 883 — 30/6/2015 -ൽ മറുപടിക്ക്

## അടൂർ കെ.പി. റോഡിലെ പൈപ്പ് പൊട്ടൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അടൂർ നിയോജക മണ്ഡലത്തിലെ കെ.പി. റോഡിന് വശത്തായി ഉള്ള കാലഹരണപ്പെട്ട ആസ്ബസ്റ്റോസ് സിമെന്റ് പൈപ്പുകൾ നിരന്തരമായി പൊട്ടിപ്പോകുന്നതിനാലുള്ള വിഷമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വളരേ തിരക്കേറിയ പ്രസ്തുത പാതയുടെ വശത്തായുള്ള പൈപ്പുകൾ പൊട്ടി വെള്ളം വളരെ ശക്തമായി ഒഴുകുന്നതു മൂലം റോഡ് കേടായി ഗതാഗതവും കുടിവെള്ള വിതരണവും അടിക്കടി സ്തംഭിക്കുന്നതിനാൽ ആയത് പരിഹരിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) ഇതിനുവേണ്ട അടിയന്തിര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (സി) സമയബന്ധിതമായി പഴയ എ.സി. പൈപ്പുകൾ മാറ്റി ഡക്ടയിൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കായംകുളം-പുനലൂർ റോഡിൽ ഏഴംകുളം മുതൽ അടൂർ ഹൈസ്കൂൾ ജംഗ്ഷൻ വരെ റോഡിന്റെ ഇരുവശത്തും സ്ഥാപിച്ചിട്ടുള്ള കാലഹരണപ്പെട്ട എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് രണ്ട് പ്രവൃത്തികളിലായി 810.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/